# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.446 | 21.10.2016-ൽ മറുപടിയ്ക്ക് |
|---|---|
| **ഹരിത കേരളം കൺസോർഷ്യം മിഷൻ പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.വി.ടി.ബൽറാം** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | കേരളപ്പിറവി ദിനത്തിൽ പ്രഖ്യാപിക്കുന്ന ഹരിത കേരളം കൺസോർഷ്യം മിഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനു വേണ്ടി നാല് ബൃഹത്തായ പദ്ധതികൾ അഞ്ചുവർഷം കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ സർക്കാർ ഉത്തരവ് നം. സ.ഉ.(പി) നം.41/2016/ആ.സാ.വ തീയതി 28.09.2016 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ശുചിത്വം - മാലിന്യ സംസ്ക്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ളതാണ് ഹരിതകേരളം പദ്ധതി. സംസ്ഥാനം നേരിടുന്ന ഗുരുതരമായ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുക, മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളോടൊപ്പം ജൈവകൃഷി വ്യാപിപ്പിക്കുക, പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉത്പന്നങ്ങളിലും സ്വയംപര്യാപ്തത നേടുക, നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന പുതിയ ജല ഉപയോഗ സംസ്ക്കാരം രൂപപ്പെടുത്തുകയെന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ. |
| (ബി) | ഏതെല്ലാം മേഖലകൾക്കാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ശുചിത്വം- മാലിന്യ സംസ്കരണം, കൃഷിവികസനം, ജലസംരക്ഷണം എന്നീ മൂന്നു മേഖലകളിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് ഹരിതകേരളം പദ്ധതി. ഓരോ വീട്ടിലെയും മാലിന്യ സംസ്ക്കരണരീതി നിലവിൽ എങ്ങനെയാണ് എന്ന് വിലയിരുത്തുകയും ജൈവകമ്പോസ്റ്റിംഗ്, ബയോ ഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് ഓരോ വീട്ടിലും പ്രായോഗികമാവുക എന്ന് നിർദ്ദേശിക്കുകയും ഇതിനായി വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുക ഇത് ഹരിതകേരളം പദ്ധതിയുടെ പ്രധാന പ്രവർത്തനമാണ്. ഇതു കൂടാതെ ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ എന്നിവയിലെ മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങളും ഉറപ്പാക്കും. സംസ്ഥാനത്തുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നദികളുടെയും കായലുകളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണവും ശുചീകരണവും വീടുകൾ തോറുമുള്ള കൃഷിസാധ്യതയ്ക്കുപുറമേ പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉത്പന്നങ്ങളിൽ സ്വയം പര്യാപ്തത നേടുന്നതിനും ഊന്നൽ നൽകും. |

| | | | |
|---|---|---|---|
| (സി) | ആരുടെയെല്ലാം പങ്കാളിത്തമാണ് ഈ പദ്ധതിയുടെ നടത്തിപ്പിൽ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, കർമസേനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദഗ്ധർ, പൊതുജനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവരുടെ പങ്കാളിത്തം പ്രയോജനപ്പെടുത്തുവാനുദ്ദേശിക്കുന്നു. |
| (ഡി) | പദ്ധതി നടത്തിപ്പിന് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ? | (ഡി) | പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അധ്യക്ഷനായും സഹഅധ്യക്ഷൻ മുൻ മന്ത്രി /മുൻ എം.എൽ.എ/ മുൻ എം.പി, ഉപഅധ്യക്ഷൻ ധനകാര്യം, തദ്ദേശ സ്വയംഭരണം, കൃഷി, ജലവിഭവം, ആരോഗ്യം, വനംമന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ, കൂടാതെ ഉപദേഷ്ടാവായി സീനിയർ നിലവാരത്തിലുള്ള ഒരു ശാസ്ത്രജ്ഞൻ, പ്രത്യേക ക്ഷണിതാവ് പ്രതിപക്ഷ നേതാവ്, അംഗങ്ങൾ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണം, ആരോഗ്യം, കൃഷി, ജലവിഭവം, ടൂറിസം, വിദ്യാഭ്യാസം, വനം) സംസ്ഥാനത്തെ മൂന്ന് ടാസ്ക് ഫോഴ്സുകളുടെ ചീഫ് എക്സിക്യൂട്ടീവ്, എന്നിവരും ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മിഷൻ സെക്രട്ടറി ആയി പ്രവർത്തിക്കുന്നതുമായ സംസ്ഥാനതല ഹരിതകേരളം മിഷൻ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള എംപവേർഡ് കമ്മറ്റി കർമസേന പ്രവർത്തനം ഏകോപിപ്പിക്കും. കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ജില്ലാ മിഷനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനതല മിഷനുകളും ഉണ്ടാകും. |

സെക്ഷൻ ഓഫീസർ